കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരാവൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@keala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.11/1690 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി :02.11.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

പേരാവൂർ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- പേരാവൂർ ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.11/1690/2017 തീയതി : 02.11.2017

## കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ആമുഖം

പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 18-06-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 16 അന്വേഷണക്കുറിപ്പുകളിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ജോൺ മനോഹർ എ., ഡെപ്യൂട്ടി ഡയരക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ 22.09.2017 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ലീലാകൃഷ്ണൻ എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജിജി ജോയ് | 01-04-2016 മുതൽ 31-03-2017 വരെ. |
| സെക്രട്ടറി | ശ്രീ.എം.രവീന്ദ്ര | 01-04-2016 മുതൽ 11-07-2016 വരെ<br>12-07-16 മുതൽ 14-07-16 വരെ |
| | ശ്രീ.ആർ.സുധീഷ് ബാബു(ചാർജ്ജ്) | 15-07-2016 മുതൽ 20-12-2016 വരെ |
| | ശ്രീ.കെ.കെ.സത്യൻ | 21-12-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ.പി.സുഭാഷ് | 01-04-2016 | 31-03-2017 |
| 2 | വി.ഇ.ഒ | ശ്രീമതി രാജശ്രീ വാഴയിൽ | 01-04-2016 | 31-03-2017 |
| 3 | വെറ്റിനറി സർജൻ | ഡോ.ബി.ജി.മഞ്ചപ്പ | 01-04-2016 | 31-03-2017 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | ഇബ്ല മഷൂദ് എ | 01-04-2016 | 31-03-2017 |
| 5 | ഐ.സി.ഡി.എ സ് സൂപ്പർ വൈസർ | ശ്രീമതി ശോഭന എ വി | 01-04-2016 | 31-03-2017 |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ടി.പി.ശശീന്ദ്രൻ<br>ശ്രീ;ആർ.സുധീർ ബാബു | 01-04-2016<br>08-07-2016 | 07.07.2016<br>31-03-2017 |
| 7 | ഹെഡ് മാസ്റ്റർ | ശ്രീ.വി.ആർ.വിജയൻ | 01-04-2016 | 31-03-2017 |

| | | | | |
|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | ഡോ.സുരേഷ് ബാബു | 01-04-2016 | 12-06-2016 |
| | | ഡോ.സദാനന്ദൻ | 13-06-2016 | 21-02-2017 |
| | | ഡോ.അനൂപ് ബാലഗോപാലൻ | 22-02--2017 | 31-03-2017 |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മനോജ് കുമാർ | 01-04-2016 | 31-03-2017 |
| 10 | മെഡിക്കൽ ഓഫീസർ(ആയുർ വേദം) | ഡോ.സന്തോഷ് കുമാർ | 01-04-2016 | 31-03-2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ |
| 11 | 1-11 | ഗ്രാമസഭകളുടെ പ്രവർത്തനം |
| ഭാഗം -2 | | |
| 12 | 2-1 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല |
| 13 | 2-2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക |
| 14 | 2-3 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 15 | 2-4 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ലഭ്യമാകുന്നുവോ എന്ന് ഉറപ്പ് വരുത്തുന്നില്ല |
| 16 | 2-5 | ഡി&ഒ ലൈസൻസ് ഫീ കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല |
| 17 | 2-6 | കെട്ടിട നിർമ്മാണ ക്രമ വത്ക്കരണ ഫീ ഈടാക്കിയതിൽ കുറവ് |

| | | |
|---|---|---|
| | | |
| 18 | 2-7 | കെട്ടിടങ്ങളുടെ ആകെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചില്ല |
| ഭാഗം-3 | | |
| 19 | 3-1 | ജീവനക്കാരുടെ ആദായനികുതി ഒടുക്കുന്നതിലെ അപാകം |
| 20 | 3-2 | തുക മുൻകൂർ നല്കി-നാളിതുവരെയും മരുന്ന് ലഭ്യമായില്ല |
| 21 | 3-3 | നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ് |
| 22 | 3-4 | ₹22850/ യുടെ സബ്സിഡി ആനുകൂല്യം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല |
| 23 | 3-5 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് |
| 24 | 3-6 | സമ്പൂർണ ശൗചാലയ പദ്ധതി-ഫണ്ട് വിനിയോഗം സംബന്ധിച്ച് |
| 25 | 3-7 | റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിനും എമൽഷനും വാങ്ങി നല്കൽ-അധികം നല്കിയ₹31224/ ഈടാക്കേണ്ടതാണ് |

| | | |
|---|---|---|
| 26 | 3-8 | ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണി-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ |
| 27 | 3-10 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 28 | 3-11 | ഗുണഭോക്തൃ സമിതിയുടെ മരാമത്തു പ്രവൃത്തികൾ-മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| ഭാഗം – 4 | | |
| 29 | 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് |
| 32 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | | |
|---|---|---|
| | | |
| 36 | 4-8 | ഓഡിറ്റ് ഇംപാക്ട് |
| 37 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 40 | Appendix- 1 | Audit Cetificate |
| 41 | Appendix- 2 | Income&Expenditure Statement |
| 42 | Appendix- 3 | Receipt& Payment Statement |
| 43 | Appendix- 4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 04-03-2016 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനം നമ്പർ 26/2016 തീയതി പ്രകാരം അംഗീകരിക്കുകയുമുണ്ടായി. 27-02-2017 തിയതിയിലെ 108/2017 നമ്പർ ഭരണസമിതി തീരുമാനപ്രകാരം 2016-2017വർഷത്തെ ബജറ്റ് ഭേദഗതി ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | ബജറ്റ് ഭേദഗതി |
|---|---|---|
| മുന്നിരിപ്പ് | 1024680 | 4460507 |
| വരവ് | 117906000 | 118495474 |
| ആകെ | 118930680 | 122955981 |
| ചെലവ് | 114346500 | 120383026 |
| നീക്കിയിരിപ്പ് | 4584180 | 2572955 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 28-06-2017 | തിരിച്ചയച്ചിട്ടില്ല. | -- |

2011-ലെ കേരള പഞ്ചായത്ത് രാജ് (എക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) ലെ സമയപരിധിക്കകം വാർഷിക കണക്ക് സമർപ്പിക്കേണ്ടതാണ്

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് |
|---|---|---|---|

| | | | |
|---|---|---|---|
| | പരിശോധിച്ച തീയതി | നമ്പർ/തീയതി | തരം |
| 2016-17 | 18-09-2017 | ഇതേ റിപ്പോർട്ട് നമ്പർ/ തീയ്യതി 02.11.2017 | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനത

1.വാർഷിക കണക്കിലെ വസ്തുനികുതിയുടെ ഡി.സി.ബി. തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2.വാർഷിക കണക്കിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതത്തിന്റെ ചെലവുവിവരങ്ങൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവു സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ:- ഐ.സി.ഡി.എസ്. സൂപ്പർവൈസർക്കു ലഭിച്ച ₹1,25,100/- കൃഷി ഓഫീസർക്കു ലഭിച്ച ₹22,500/-).

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3436633.82 |
| വരവ് | 49693508.00 |
| ആകെ | 53130141.82 |
| ചെലവ് | 45781992.00 |
| നീക്കിയിരിപ്പ് | 7348149.82 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | അലോട്ട്മെന്റ് പ്രകാരമുള്ളവരവ് (എ.സി.ആർ | ആകെ(₹) | ചെലവ്(₹) | അലോട്ട്മെന്റ് പ്രകാരമും | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | പ്രകാരമുള്ളത്) (₹) | | | നീക്കിയിരിപ്പ് (എ.സി.ആർ പ്രകാരമുള്ളത്) (₹) | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 10929271 | 10929271 | 9067079 | 1862192 | 82.96 |
| വികസനഫണ്ട് എസ്.സി.പി. | | 642885 | 642885 | 612885 | 30000 | 95.33 |
| വികസനഫണ്ട് ടി.എസ്.പി. | | 2405847 | 2405847 | 1528714 | 877133 | 63.54 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | | 7169829 | 7169829 | 5083759 | 2086070 | 70.9 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | | 3205554 | 3205554 | 1372712 | 1832842 | 42.82 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6129304 | 6129304 | 3598654 | 2530650 | 58.71 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 660 | 25478250 | 25478910 | 25478250 | 660 | 99.99 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 40350405 | 40350405 | 40350405 | | 100 |
| ലോക ബാങ്ക് സഹായം | | 409909 | 409909 | | 409909 | ---- |
| സെൻട്രൽ ഷെയർ | | 2799875 | 2799875 | 1405698 | 1394177 | 50.21 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 130 | 123 | 33 | 7 | 69.2 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4399531 | 6631221 | 2231690 | (+)50.72 |
| നികുതിയേതര വരവുകൾ | 1347282 | 1185968 | 161314 | (-)11.97 |
| മറ്റുവരവുകൾ | - | - | - | |
| ആകെ | 5746813 | 7817189 | 2070376 | (+)36.03 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കാനായിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 3840900 | 372 |
| കർഷകതൊഴിലാളി പെൻഷൻ | 82440 | 48 |
| വിധവാപെൻഷൻ | 10627710 | 800 |
| വാർദ്ധക്യകാലപെൻഷൻ | 21322275 | 1754 |
| വികലാംഗപെൻഷൻ | 2919100 | 277 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1118980 | 87 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 420000 | 14 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 24.4.17മുതൽ 26.4.17വരെ | 01.12.16–31.3.17 | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.8.11മുതൽ 19.8.11വരെ | 2008-09&2009-10 | 13.02.2012 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2017 ന് 02.30 പി.എം മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2096 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭ മിനട്സുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.പല വാർഡുകളുടെയും ഗ്രാമസഭ മിനട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുകയോ കോ -ഓർഡിനേറ്റർ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല.ഉദാഹരണത്തിന് 12-ാം വാർഡിലെ 02.10.2016 ന് നടന്ന ഗ്രാമസഭയുടെ മിനട്സ് തയ്യാറാക്കിയിട്ടില്ല. 11-ാം വാർഡിലെ 19.10.16, 19.11.16 എന്നീ തീയ്യതികളിലും വാർഡ് 9 ലെ 19.10.16, 22.10.16 എന്നീ തീയ്യതികളിലും നടന്ന ഗ്രാമ സഭയുടെ മിനട്സുകൾ പൂർത്തിയാക്കിയിട്ടില്ല.ക്വാറം തികയാതെയും ചില ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട് [ഉദാ:വാർഡ് നം.6 (02.10.16), വാർഡ് നം.9 (20.11.16)] ഗ്രാമ സഭയുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതും മിനട്സുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതമാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല

2016-17കാലയളവിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ പി സുധീർ ബാബു , പോണിച്ചേരി ഹൗസ്, എന്നവർക്ക് വിവാഹ ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാടകയ്ക്കു നൽകുന്നതിയായി ഡി & ഒ ലൈസൻസ് അനുവദിച്ച (കെ പി ബാലചന്ദ്രൻ എന്നവരുടെ ഉടമസ്ഥതയിലുള്ള4/361നമ്പർ കെട്ടിടം)കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനെന്ന തരത്തിലാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണയിച്ച് കുടിശ്ശികയുൾപ്പെടെയുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുമ്പോൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി നിർണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ₹96,576 /-

ഗ്രാമപഞ്ചായത്തിൽ പരിധിയിലുള്ള മൊബൈൽ ടവറുകൾക്ക് 31-3-2017 വരെ 96576രൂപവസ്തുനികുതി കുടിശ്ശികയുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട നമ്പർ | ഒരു വർഷത്തേക്കുള്ള നികുതി(₹) | 31-3-2017 വരെയുള്ള ആകെ കുടിശ്ശിക (₹) |
|---|---|---|---|
| 1 | 6/174 | 6930 | 6850 |
| 2 | 6/175 | 420 | 1481 |
| 3 | 8/129എ | 6930 | 112 |
| 4 | 12/197 | 7718 | 7718 |
| 5 | 15/217 | 15120 | 51155 |
| 6 | 11/313 | 7315 | 29260 |
| | ആകെ | | 96576 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 കാലയളവിൽ ഒന്നാം അർദ്ധവർഷത്തിലെയും രണ്ടാം അർദ്ധവർഷത്തിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ എജ്യുക്കേഷൻ സെന്റർ , പേരാവൂർ

2.കലാമന്ദിരം കോളേജ് ഓഫ് ഫൈൻ ആർട്സ്

3.പ്രഗതി കോളേജ് ,പേരാവൂർ

തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 ഡി & ഒ ലൈസൻസ് ഫീ കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല

2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 561വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ 45പുതിയ വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെ 519 വ്യാപാരസ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയുട്ടുള്ളത്. ബാക്കിയുള്ള 87 സ്ഥാപനങ്ങളെ[(561+45-519 ] ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 40-ഓളം വ്യാപാരസ്ഥാപനങ്ങൾ നിർത്തലാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവയ്ക്ക് കുടിശ്ശികയടക്കമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതും ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളതുമായ ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ് തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരു പരിശോധനയും നടത്താതെയാണ് സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ ഡി & ഒ ലൈസൻസ് ഡിമാന്റ് കണക്കാക്കിയിട്ടുള്ളത് പരിശോധന റിപ്പോർട്ടിന്റെയോ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെയോ അടിസ്ഥാനത്തിലല്ല എന്നും മറിച്ച് പിരിച്ചെടുത്ത തുക തന്നെ ഡിമാന്റായി കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ കൃത്യമായ അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 കെട്ടിട നിർമാണ ക്രമവത്കരണ ഫീസ്ഈടാക്കിയതിൽ കുറവ്

2016-17 കാലയളവിൽ കെട്ടിട നിർമാണം ക്രമവത്കരിച്ച ഗാർഹികേതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ [ചട്ടം 137(4),135(3)] പ്രകാരമുള്ള ക്രമവത്കരണ ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് ഫീ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അപേക്ഷ തീയതി | തറവിസ്തീർണ്ണം(ച .മീ) | ഈടാക്കിയ ഫീസ് (₹7/ച .മീ | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | വടക്കേ മുള്ളത്താൻ ജോജോ | 3320/16 12-5-16 | 63.6 | 464 | 11602100973 26-5-16 |
| 2 | കൊല്ലറേത്ത ബിനോയ് | 3389/16 20-5-16 | 61.78 | 432 | 11602101543 5-7-16 |
| 3 | വേമ്പള്ളിയിൽ ജോസ് | 2798/16 21-4-16 | 13.44 | 94 | 11602100468 25-4-16 |
| 4 | കാട്ടുമാടത്ത് പുത്തലത്ത് അഫ്സത്ത് | 2930/16 26-4-16 | 22.64 | 154 | 11602101081 2-6-16 |
| 5 | വിനോദൻ തച്ചിൽ പുന്നോൻ | 2998/16 20-4-16 | 80.07 | 400 | 11602101072 2-6-16 |
| 6 | കേലക്കാട്ട് വിജയൻ | 3221/16 9-5-16 | 107.25 | 536 | 11602100929 25-5-16 |
| 7 | കുരിയാടൻ സുലൈമാൻ | 3601/16 30-5-16 | 185.25 | 1297 | 11602101125 4-6-16 |
| 8 | കണിയാന്റയിൽ | 4052/16 | 33.71 | 236 | 1602101909 |

| | | | | | |
|---|---|---|---|---|---|
| | സൈനബ | 16-6-16 | | | 5-8-16 |

ക്രമവത്കരണം അനുവദിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളും പുനപരിശോധിച്ച് മേൽ സൂചിപ്പിച്ച ചട്ടപ്രകാരമുള്ള ക്രമവത്കരണ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 40രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 60 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9)പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ,7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ,ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വെറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.. എന്നാൽ 2016-17കാലയളവിൽ നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടത്തിന് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 40രൂപ എന്നതോതിലാണ് നികുതി നിർണയിച്ചിരുന്നത്.

1 ഉടമസ്ഥന്റെ പേര് : മുല്ലോളി പ്രശാന്തൻ, രാം നിവാസ്
കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ബഹു നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹60 / ചതുരശ്ര മീറ്റർ

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (m2 ൽ) | വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | | | കുറിപ്പ് | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|---|---|
| | | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് ₹ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 11/450 A | 17.81 | 898 | 1283 | 449 | 20% വർദ്ധനവ് | 11602101387 22-6-16 |
| 2 | 11/450 B | 17.13 | 865 | 1234 | 431 | 20% വർദ്ധനവ് | 11602101388 22-6-16 |
| 3 | 11/450 C | 20.68 | 1043 | 1563 | 520 | 20% വർദ്ധനവ് | 11602101389 22-6-16 |
| 4 | 11/450 D | 45.54 | 2296 | 3443 | 1147 | 20% വർദ്ധനവ് | 11602101390 22-6-16 |
| 5 | 11/450 E | 18.72 | 944 | 1417 | 473 | 20% വർദ്ധനവ് | 11602101391 22-6-16 |
| 6 | 11/450 F | 20.36 | 1027 | 1541 | 514 | 20% വർദ്ധനവ് | 11602101392 22-6-16 |
| 7 | 11/450 G | 17.05 | 860 | 1290 | 430 | 20% വർദ്ധനവ് | 11602101393 22-6-16 |
| 8 | 11/450 H | 34.12 | 1720 | 2580 | 860 | 20% വർദ്ധനവ് | 11602101394 22-6-16 |
| 9 | 11/450 J | 55.84 | 2816 | 4222 | 1406 | 20% വർദ്ധനവ് | 11602101395 22-6-16 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | 11/450 K | 55.84 | 2816 | 4222 | 1406 | 20% വർദ്ധനവ് | 11602101396<br>22-6-16 |
| 11 | 11/450 L | 21.42 | 1081 | 1620 | 539 | 20% വർദ്ധനവ് | 11602101397<br>22-6-16 |
| 12 | 11/450 M | 21.42 | 1081 | 1620 | 539 | 20% വർദ്ധനവ് | 11602101398<br>22-6-16 |
| 13 | 11/450 N | 24.42 | 1232 | 1847 | 615 | 20% വർദ്ധനവ് | 11602101399<br>22-6-16 |
| 14 | 11/450 P | 35 | 1676 | 2514 | 838 | 20% വർദ്ധനവ്<br>5% ഇളവ് | 11602101400<br>22-6-16 |
| 15 | 11/450 Q | 59.81 | 2865 | 4296 | 1431 | 20% വർദ്ധനവ്<br>5% ഇളവ് | 11602101401<br>22-6-16 |
| 16 | 11/450 R | 59.81 | 2865 | 4296 | 1431 | 20% വർദ്ധനവ്<br>5% ഇളവ് | 11602101402<br>22-6-16 |
| 17 | 11/450 S | 22 | 1055 | 1581 | 526 | 20% വർദ്ധനവ്<br>5% ഇളവ് | 11602101403<br>22-6-16 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | 11/450 T | 23 | 1102 | 1653 | 51 | 20% വർദ്ധനവ് 5% ഇളവ് | 11602101404 22-6-16 |
| 19 | 11/450 U | 24 | 1150 | 1725 | 575 | 20% വർദ്ധനവ് 5% ഇളവ് | 11602101405 22-6-16 |
| | ആകെ | | | | 14687 | | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (എൻക്വയറി നമ്പർ10തീയതി 19-9-2017)അടിസ്ഥാനത്തിൽ ₹ 14687 രസീത് നമ്പർ(4563/32-₹2549, 4563/33-₹2275, 4563/34-₹3894, 4563/35-₹4317, 4563/36-₹1652) തീയതി 22/9/2016 പ്രകാരം ഈടാക്കിയിട്ടുണ്ട്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജീവനക്കാരുടെ ആദായനികുതി ഒടുക്കുന്നതിലെ അപാകം

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 192 പ്രകാരം, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അതത് വർഷത്തേക്ക് എസ്റ്റിമേറ്റ് ചെയ്ത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദായനികുതി നിശ്ചിത നിരക്കിൽ പ്രതിമാസം ഈടാക്കേണ്ടതാണ്. എന്നാൽ പേരാവൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 2016-17 സാമ്പത്തികവർഷത്തെ (Assessment Year -2017-18) ആദായനികുതി കണക്കാക്കിയിരിക്കുന്നത് 2017 മാർച്ച് മാസത്തിൽ മാത്രമാണ്. വാർഷികവരുമാനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 തുക മുൻകൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് നമ്പർ : 97/17

പ്രോജക്ടിന്റെ പേര് :ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 349548 മെയിന്റനൻസ് ഫണ്ട് റോഡിതരം

: ₹ 452 തനത് ഫണ്ട്.

ആകെ : ₹ 350000/.

ചെലവു തുക : ₹ 200000 ബിൽ നമ്പർ/തീയ്യതി: 1/16-17/20-10-2016

: ₹ 149548 ബിൽ നമ്പർ/തീയ്യതി: 1/16-17/20-10-2016

ആകെ : ₹ 349548/.

ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ഔഷധി, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ₹349548 രൂപനൽകിയിട്ടുണ്ട്. എന്നാൽ ₹ 301140 യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹48408(349548-301140) യുടെ മരുന്നുകൾ ഇതുവരെയും ഡിസ്പെൻസറിക്ക് ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|
| 1640 | 22.10.16 | 180456 |
| 1858 | 29.11.16 | 19544 |
| 90021363 | 14.06.17 | 34584 |
| 90022451 | 17.06.17 | 15333 |
| 90029496 | 12.08.17 | 38473 |
| 90029475 | 12.08.17 | 7676 |
| 90031830 | 29.08.17 | 5074 |
| ആകെ | | 301140 |

₹48408 /യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പ്രോജക്ട് നമ്പർ : 11/17

പ്രോജക്ടിന്റെ പേര് :കാരുണ്യം പദ്ധതി പാലിയേറ്റീവ് ഹോം കെയർ

വകയിരുത്തിയ തുക : ₹ 500000 വികസനഫണ്ട് (പൊതുവിഭാഗം)

: ₹ 49040 തനത് ഫണ്ട്.

ആകെ : ₹ 549040/.

കാരുണ്യം പദ്ധതി പാലിയേറ്റീവ് ഹോം കെയറിന്റെ ഭാഗമായി മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി സപ്ലൈകോ ഹോൾസെയിൽ മെഡിസിൻ ഡിവിഷൻ ,കോഴിക്കോട് എന്ന സ്ഥാപനത്തിന് ₹179513(14452-മരുന്ന്,165061-ഉപകരണങ്ങൾ)നൽകിയിട്ടുണ്ടെങ്കിലും(ബിൽ നമ്പർ/തീയ്യതി: 3/16-17/31-3-2017) നാളിതുവരെയും ആയത് ലഭ്യമായിട്ടില്ല. മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്

എ) ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ സിന്റിക്കേറ്റ് ബാങ്കിലെ അക്കൗണ്ടിൽ [പേരാവൂർശാഖ-A/C no 4221220044476 (as on5-4-2017 )] ₹4833 ബാലൻസ് ഉണ്ട്. ബാലൻസ് തുക ഏതിനത്തിലേതാണെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ബി) കൃഷി ഓഫീസറുടെ സിന്റിക്കേറ്റ് ബാങ്കിലെ അക്കൗണ്ടിൽ(പേരാവൂർശാഖ -A/C no 4221220044442) നിലവിൽ (as on17-8-2017 ) ₹84,805 ബാലൻസ് ഉണ്ട്. ബാലൻസ് തുക ഏതിനത്തിലേതാണെന്നും ബാലൻസ് വരാനുള്ള കാരണവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ഹെഡ് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-4 ₹22850യുടെ സബ്സിഡി ആനുകൂല്യം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം 2016-17 കാലയളവിൽ കൃഷി ഓഫീസർ നടപ്പാക്കിയ താഴെപറയുന്ന പദ്ധതികളുടെ വ്യക്തിഗത ഗുണഭോക്താക്കളിൽ ചിലരുടെ സബ്സിഡി ആനുകൂല്യം നാളിതുവരെ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | പിൻവലിച്ച തുക (ബിൽ നമ്പർ/തീയതി) | ചെലവഴിക്കാൻ ബാക്കിയുള്ള തുക | സബ്സിഡി ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 9/17 | തെങ്ങുകൃഷിക്ക് കുമ്മായം,ജൈവവളം വിതരണം | 113490 (A(3)2/16-17 /15-2-17) | 1750 | 1 |

| | | | | | |
|---|---|---|---|---|---|
| | | | 84645<br>(A(3)4/16-17<br>/15-2-17) | | |
| 2 | 10/17 | ജൈവകൃഷി പ്രോത്സാഹന പദ്ധതി | 364800<br>(A(3)8/16-17<br>/29-3-17) | 4600 | 2 |
| 3 | 98/17 | ഇടവിളകൃഷിക്ക് പ്രോത്സാഹനം | 80000<br>(A(3)6/16-17<br>/29-3-17)<br>120000<br>(A(3)7/16-17<br>/29-3-17) | 16500 | 11 |
| | ആകെ | | | 22850 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്കും തുടർന്ന് കൃഷി ഓഫീസറുടെ സിന്റിക്കേറ്റ് ബാങ്കിലെ അക്കൗണ്ടിലേയ്ക്കും (A/C no 4221220044442) ട്രാൻസ്ഫർ ചെയ്തതിനുശേഷമാണ് അതത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത്. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൻ പ്രകാരം മേൽപറഞ്ഞ തുകകൾ 31-3-2017 ന് ശേഷമാണ് അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളത്. എന്നാൽ സബ്സിഡിയറി ക്യാഷ് ബുക്ക് പ്രകാരം 31-3-2017 ന് തുക നീക്കിയിരിപ്പില്ല. യഥാർത്ഥത്തിൽ തുക മുഴുവനായി ചെലവഴിക്കുന്നതിനു മുമ്പ് ക്യാഷ് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. ഗുണഭോക്താക്കൾക്ക് കൈമാറാൻ അവശേഷിക്കുന്ന തുക കൈമാറുന്നതിനോ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരിച്ചടക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്

പേരാവൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ ഒടുക്കിക്കൊണ്ടിരിക്കുന്ന തുകയും വിളക്കുകളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വിളക്ക് ഇനം | വാട്ടേജ് | എണ്ണം | പ്രതിമാസ നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| 1 | ബൾബ് | 40 | 123 | 66 | 8118 |
| 2 | ഫ്ലൂറസെന്റ് ലാമ്പ് | 80 | 50 | 134 | 6700 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 150 | 25 | 267 | 6675 |
| 4 | സി.എഫ്.എൽ. | 22 | 168 | 32 | 5376 |
| | TOTAL | | 366 | | 26869 |

മേൽ വിവരിച്ച പ്രകാരമുള്ള വിളക്കുകൾ മുഴുവൻ പ്രവർത്തനക്ഷമമാണോ എന്ന കാര്യം സംയുക്ത പരിശോധന നടത്തി ഉറപ്പാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 സമ്പൂർണ്ണ ശൗചാലയ പദ്ധതി(പ്രോ.നം s0001/17)-ഫണ്ട് വിനിയോഗം സംബന്ധിച്ച്

2016-17 വർഷത്തിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ശൗചാലയ പദ്ധതി(പ്രോ.നം s0001/17)യുടെ നടത്തിപ്പിനായി താഴെ ചേർത്ത വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | ഇനം | തുക(₹) | റിമാർക്സ് |
|---|---|---|---|---|
| 01 | 01/16-17 തീ.30.9.16 | പ്ലാൻ ഫണ്ട് | 19,37,625 | |
| 02 | 02/16-17തീ. 30.9.16 | ധനകാര്യ കമ്മീഷൻഗ്രാന്റ് | 4,62,375 | |
| 03 | | തനതു ഫണ്ട് | 3,18,250 | |
| 04 | | ബ്ലോക്ക് പഞ്ചായത്ത് | 3,61,750 | ₹5,10,000/ വരവുണ്ടായിരുന്ന (ബ്ലോക്ക് പഞ്ചായത്തിൽ |

| | | | | |
|---|---|---|---|---|
| | | വിഹിതം | | നിന്ന്) |
| ആകെ | | | 3080000/- | |

ശുചിത്വ മിഷനിൽ നിന്നുള്ള ഫണ്ട് യഥാസമയം ലഭ്യമല്ലാതിരുന്നതിനാലാണ് മേൽ പ്രകാരം തുക ചെലവഴിച്ചത്. എന്നാൽ സമ്പൂർണ്ണ ശൗചാലയ പദ്ധതിയുടെ നടത്തിപ്പിനായി 09.02.2017,27.03.2017 എന്നീ തീയ്യതികളിൽ യഥാക്രമം ₹ 9,60,000/,₹8,40,000 പഞ്ചായത്തിൽ വരവു വന്നിട്ടുണ്ട്. പ്രസ്തുത തുക ത.സ്വ.ഭ.വകുപ്പിന്റെ 25.7.2016ലെ 2235/16 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നു ലഭിച്ചതിൽ ബാക്കിയുള്ള ₹148250(510000-361750) ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടക്കുകയോ തുക അനുവദിച്ചതിന്റെ ആവശ്യത്തിനായി ഉപയോഗിക്കുയോ ചെയ്യേണ്ടതാണ്.

## 3-7 റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിനും എമൽഷനും വാങ്ങി നൽകൽ-അധികം നല്കിയ ₹31224/ ഈടാക്കേണ്ടതാണ്

അസി.എഞ്ചിനീയരുടെ റിക്വിസിഷൻ പ്രകാരം റോഡ് ടാറിംഗ് പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ, എമൽഷൻ എന്നിവ ഹിന്ദുസ്ഥാൻ കോൾസ്, പ്രൈവറ്റ് ലിമിറ്റഡ് കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങി നല്കിയിട്ടുണ്ട്. വിവിധ റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിന്റെയും എമൽഷന്റെയും തുക കണക്കാക്കി അസി.എഞ്ചിനീയർ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും തുകകൾ പിൻവലിക്കുകയും പ്രസ്തുത തുകകൾ അസി.എഞ്ചിനീയരുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം മൊത്തം തുക സെക്രട്ടറിക്ക് ചെക്കായി നല്കുകയുമാണ് ചെയ്തത്. ഈ ഇനത്തിലുള്ള ചെലവ് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയ്യതി | ഇൻവോയ്സ് പ്രകാരം അടവാക്കേണ്ടിയിരുന്ന തുക(₹) | പഞ്ചായത്തിൽ നിന്നും അടവാക്കിയ തുക(₹) | അധികം |
|---|---|---|---|---|
| 1 | 0342354/18.4.2017 | 141486 | 145039/<br>(ഡിഡി.ന.677210/20.3.17 | 3553 |
| 2 | 6300005237/17.4.2017 | 291621 | 351650/(ഡിഡി.ന.677211 | 27671 |

| | | | | |
|---|---|---|---|---|
| 3 | 6300005239/17.4.2017 | 32358 | /20.3.17 | |

അധികം നല്കിയ ₹31224/(27671+3553) ഹിന്ദുസ്ഥാൻ കോൾസ്, പ്രൈവറ്റ് ലിമിറ്റഡ് കൊച്ചിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 വാർഡ് കേന്ദ്രങ്ങളിൽ വെച്ച് പ്ലാസ്റ്റിക് ശേഖരണവും റീ സൈക്ലിങ്ങും പദ്ധതി(പ്രോ.നം.s0006/17)-തുടർ നടപടികൾ ഉണ്ടായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ :വി.ഇ.ഒ

അടങ്കൽ :₹2,00,000/(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് :₹6000/(ബിൽ നം.12/16-17 തീ.30.3.2017)

പഞ്ചായത്തിലെ നിശ്ചയിക്കപ്പെട്ട വാർഡ് കേന്ദ്രങ്ങളിൽ വെച്ച് പ്ലാസ്റ്റിക് ശേഖരണവും റീ സൈക്ലിങ്ങും നടത്തുന്നതിനാണ് പ്രോജക്റ്റ്. കുടുംബ ശ്രീ മുഖേനയാണ് നിർവ്വഹണം നടത്താൻ തീരുമാനിച്ചിരുന്നത്. ശേഖരിക്കുന്ന മാലിന്യം/പ്ലാസ്റ്റിക് എന്നിവ വലിയവെളിച്ചത്തുള്ള റീ സൈക്ലിംഗ് പ്ലാന്റിലേക്ക് മാറ്റാൻ ഏർപ്പാടു ചെയ്തിരുന്നു(ഭരണ സമിതിയുടെ 16.3.17ലെ132/17 നമ്പർ തീരുമാന പ്രകാരം). എന്നാൽ മാലിന്യം/പ്ലാസ്റ്റിക് ശേഖരണം ഒരു പ്രാവശ്യം മാത്രമേ നടത്തിയിരുന്നുള്ളൂ. മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിർമാർജ്ജനം തുടങ്ങിയ കാലിക പ്രാധാന്യമുള്ള മേൽ പദ്ധതി പ്രാരംഭഘട്ടത്തിൽ തന്നെ നിന്നു പോയത് പദ്ധതി ആസൂത്രണത്തിന്റെ വീഴ്ചയാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-9 ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അറ്റകുറ്റപണി(പ്രോ.നം.126/17)-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള കുനിത്തല ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അറ്റകുറ്റപണി നടത്തുവാൻ ടെണ്ടർ നടപടികളിലൂടെ യോഗ്യത, പ്രവൃത്തി പരിചയം എന്നിവയുള്ള അംഗീകൃത ഏജൻസിയുമായി കരാർവെച്ച് നടപ്പിലാക്കുന്നതിനാണ് മേൽ പ്രോജക്റ്റ്. ഇതിനായി താഴെ ചേർത്ത വിധം തുക ചെലവഴിച്ചിട്ടുണ്ട്.

അടങ്കൽ : ₹1,61,725(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)+₹88,275(തനതു ഫണ്ട്)

ചെലവ് :₹1,61,725(ബിൽ നം.21/16-17തീ. 24.3.17)+₹88,275(തനതു ഫണ്ട്)

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

1)നടപ്പിലാക്കാനുള്ള അറ്റകുറ്റപണികളെ കുറിച്ച് സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയിട്ടില്ല.

2)ടെണ്ടർ ലഭിച്ച സ്റ്റീൽ ടെക്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ഈ മേഖലയിലുള്ളയോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ

ഫയലിൽ കണ്ടില്ല.

3)പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം ക്ഷമതയുള്ള അധികാരി ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടില്ല

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർത്ത പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/നമ്പർ | ബിൽ നമ്പർ | തുക(₹) | റിമാർക്സ് |
|---|---|---|---|---|
| 01 | കുനിത്തല ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ(127/17) | 16/16-17 തീ.08.03.17 | 1,22,450/ | ലോക ബാങ്ക് സഹായം |
| 02 | സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ(145/17) | 17/16-17 തീ.08.03.17 | 2,00,000/ | പ്ലാൻ ഫണ്ട് |
| 03 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(125/17) | 20/16-17 തീ.24.03.17 | 2,00,000/ | ലോക ബാങ്ക് സഹായം |

## 3-11 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ-മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

2016-17 വർഷത്തിൽ അംഗീകാരം ലഭിച്ച 60 പ്രവൃത്തികളിൽ 24 എണ്ണം നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കിയ 36 പ്രവൃത്തികളിൽ 30 എണ്ണം (83.33%-എല്ലാംറോഡ് കോൺക്രീറ്റ് ചെയ്യൽ) കൺവീനർമാർ മുഖേനയാണ് നടപ്പിലാക്കിയത്. ഫയൽ പരിശോധിച്ചതിൽ നിന്നും, ഗുണഭോക്തൃ സമിതിവഴി നടത്തുന്ന മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ലെന്നു വ്യക്തമാകുന്നു. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രവൃത്തിയുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിന്റെ (ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ളത്) പാസ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല.

2)ഗുണഭോക്തൃ സമിതി യോഗം ചേർന്ന് ഒരു സാങ്കേതിക വിദഗ്ധന്റെ സഹായത്തോടെ ഓരോയിനം പ്രവൃത്തിക്കും ആവശ്യമായ വിവിധയിനം നിർമ്മാണ സാധനങ്ങളുടെ അളവ്, നിരക്ക് എന്നിവ നിശ്ചയിച്ചിരുന്നുവോ എന്നു വ്യക്തമല്ല.ആയതിനാൽ ഓരോ ഇനത്തിലുമുള്ള

ചെലവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പദ്ധതിയുടെ പേര്&നമ്പർ | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 72,000 | സമഗ്ര നെൽകൃഷി(8/17) | ഇല്ല | 72000 |
| ബ്ലോക്ക് പഞ്ചായത്ത് | 90,000 | പാലിന് സബ്സിഡി(25/17) | 90000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 1,00,000 | കാരുണ്യ പദ്ധതി(120/17) | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 5,10,000 | ടോയ്ലറ്റ് നിർമ്മാണം(1/17) | 361750 | 148250 |
| ബ്ലോക്ക് പഞ്ചായത്ത് | 1,22,700 | വികലാംഗ സ്കോളർഷിപ്പ്(111/17) | 122700 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 1,25,100 | വികലാംഗ സ്കോളർഷിപ്പ്(114/17) | 125100 | ഇല്ല |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| വൌച്ചർ നമ്പർ തീയതി | തുക | നല്കിയത് | ആവശ്യം |
|---|---|---|---|
| 21601242/31.3.17 | 453032 | കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം |

| | | | |
|---|---|---|---|
| 21601148/24.3.17 | 200000 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| 21601235/31.3.17 | 150000 | കെ.എസ്.ഇ.ബി | ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ |
| 21601143/24.3.17 | 225000 | കെ.എസ്.ഇ.ബി | വീട് വയറിംഗ്-പട്ടിക വർഗം |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ആർ.പി.-10 ഷെഡ്യൂൾ പ്രകാരം 109 രൂപ ഓഡിറ്റ് റിവറി വരവുണ്ട്. ഈ തുക സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് ഇംപാക്ട്

ഖണ്ഡിക 2-7-ൽ വിശദീകരിച്ചിരിക്കുന്ന പ്രകാരം ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതി കണക്കാക്കിയതിൽ കുറവ് വന്ന തുക 14687 രൂപ 22.09.2016-ൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49693508 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45781992 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

ഇല്ല

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998- 1999 | എൽഎഫ്.കെഎൻആർ സി5/323 /15(2)തീ.07.08.15(2) | 01 |
| 1999-2000 | എൽഎഫ്.കെഎൻആർ /സി5/323 /15(2)തീ.07.08.15(3) | 02 |
| 2000-2001 | എൽഎഫ്.കെഎൻആർ സി5/323 /15(4)തീ.07.08.15(2) | 03 |

| | | |
|---|---|---|
| 2001-2002(തനത്) | എൽഎഫ്.കെഎൻആർ/ സി5/323 /15(2)തീ.07.08.15(7) | 02 |
| 2004-2005 | എൽഎഫ്.കെഎൻആർ/സി5 323/15(2)തീ.07.08.15(8) | 03 |
| 2005-2006 | എൽഎഫ്.കെഎൻആർ /സി5/323 /15(2)തീ.07.08.15(9) | 04 |
| 2006-2007 | എൽഎഫ്.കെഎൻആർ /സി5/323 /15(2)തീ.07.08.15(10) | 04 |
| 2007-2008 | എൽഎഫ്.കെഎൻആർ/ സി5/323 /15(2)തീ.07.08.15(11) | 04 |
| 2008-2009 | എൽഎഫ്.കെഎൻആർ/ സി5/323 /15(2)തീ.07.08.15(12) | 16 |
| 2009-2010 | എൽഎഫ്.കെഎൻആർ സി5/323 /15(2)തീ.07.08.15(13) | 17 |
| 2010-2011&2011-12 | എൽഎഫ്.കെഎൻആർ സി5/323 /15(2)തീ.07.08.15(14) | 06 |
| 2012-2013 | എൽഎഫ്.കെഎൻആർ/ സി5/1038 /15തീ.25.09.2015 | 18 |
| 2013-2014&2014-15 | കെ.എസ്എ-കെഎൻആർ സി5/1221 /2016/08.07.2016 | 16 |
| 2015-2016 | കെ.എസ്എ-കെഎൻആർ സി11/2242 /07.02.2016 | 06 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം കെ എസ് എ കെ എൻ ആർ /സി.11/1690/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698

ഇ – മെയിൽ doknr.ksad@kerala.gov.in

തീയതി: 02.11.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-)0 വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)0 വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈറിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങളും താഴെ പറയുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No KSA/KNR /C.11/1690/2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE

KANNUR

PHONE 04972707698

E-mail: doknr.ksad@kerala.gov.in

Dated: 02.11.2017

Certified that I have audited the Annual Financial Statement of Peravoor Grama Panchayath in Kannur District for the year ended 31.03.17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Peravoor Grama Panchayath for the year 2016-2017 except the observations in my audit report properly presents the picture of income and expenditure

Deputy Director ,

Kerala State Audit Department

## അനുബന്ധം2

# PERAVOOR GRAMA PANCHAYATH INCOME AND EXPENDITURE STATEMENT FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| INCOME | | | |
| 110000000 | TAX REVENUE | I-1 | 5608526.00 |
| 130000000 | RENTAL INCOME FROM PANCHAYATH PROPERTIES | I-3 | 273424.00 |
| 140000000 | FEES AND USER CHARGES | I-4(b) | 693438.00 |
| 150000000 | SALE AND HIRE CHARGES | I-5(b) | 169829.00 |
| 160000000 | REVENUE GRANTS , FUNDS, CONTRIBUTIONS AND COMPENSATIONS | I-6 | 89511589.00 |
| 171000000 | INTEREST EARNED | I-8 | 87250.00 |
| 180000000 | OTHER INCOME | I-9 | 508.00 |

| | | | |
|---|---|---|---|
| A | TOTAL INCOME | | 96344564.00 |
| | | | |
| 210000000 | ESTABLISHMENT EXPENSES | I-10(b) | 9354609.00 |
| 220000000 | ADMINISTRATIVE EXPENSES | I-11(b) | 860638.00 |
| 230000000 | OPERATIONS AND MAINTANANCE | I-12(b) | 1048994.00 |
| 240000000 | INTEREST AND FINANCE CHARGES | 1-13 | 3468.00 |
| 250000000 | DECENTRALISED PLAN PROGRAMME-PRODUCTIVE SECTOR | I-14 | 4371131.00 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | I-14(a) | 34573116.00 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | I-14(b) | 618365.00 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | I-14(c) | 1068103.00 |
| 254000000 | EXPENDITURE OF TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES(NOT INCLUDED UNDER DECENTRALISED PLAN PROGRAMME) | I-14(d) | 40496246.00 |
| 255000000 | MAINTANANCE PROJECTS | I-14(e) | 9243543.00 |

| | | | |
|---|---|---|---|
| 260000000 | GRANTS CONTRIBUTIONS AND COPENSATION FROM OWN FUND | 1-15 | 21800.00 |
| 272000000 | DEPRECIATION | I-17(a) | 1115582.00 |
| B | TOTAL EXPENDITURE | | 102776460.00 |
| C=A-B | GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE | | (6431896.00) |
| D= 280000000 | PRIOR PERIOD ITEM | I-18 | (1887822.00) |
| E=C-D 290000000 | GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS<br>TRANSFER TO RESERVE FUNDS | | (4544074.00) |
| | NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO BALANCE SHEET (PANCHAYATH FUND) | | |

DEPUTY DIRECTOR

## അനുബന്ധം3

# PERVOOR GRAMA PANCHAYATH RECEIPT AND PAYMENT STATEMENT FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT<br>Deputy Director<br>Kerala State Audit department | SCHEDULE | AMOUNT(Rs) |
|---|---|---|---|
| OPENING BALANCE | | | |
| | BANK<br>CASH | RP -40(a)<br>RP-40(a) | 3030664.82<br>405969.00 |
| RECEIPTS | | | |
| OPERATING | | | |
| 110000000 | TAX REVENUE | RP-1 | 1525950.00 |
| 140000000 | FEES AND USER CHARGES | RP-4 | 570638.00 |
| 150000000 | SALE AND HIRE CHARGES | RP-5 | 159604.00 |
| 160000000 | REVENUE GRANTS CONTRIBUTIONS& COMPENSATIONS | RP-7 | 8217412.00 |

| | | | |
|---|---|---|---|
| 171000000 | INTEREST EARNED | RP-9 | 87250.00 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 28243291.00 |
| 350000000 | OTHER LIABILITIES | RP-36 | 3702889.00 |
| NON OPERATING | | | |
| 180000000 | OTHER INCOME | RP-10 | 508.00 |
| 311000000 | EARMARKED FUNDS | RP-29 | 13333.00 |
| 340000000 | DEPOSITS RECEIVED | RP-34 | 227406.00 |
| 350000000 | OTHER LIABILITIES | RP-36 | 246683.00 |
| 431000000 | SUNDRY DEBTORS(RECEIVABLE) | RP-43 | 5473448.00 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 1225096.00 |
| GRAND TOTAL | | | 53130141.82 |
| PAYMENTS | | | |
| OPERATING | | | |
| 210000000 | ESTABLISHMENT EXPENSES | RP-11 | 2344889.00 |
| 220000000 | ADMINISTRATIVE EXPENSES | RP-12 | 860638.00 |
| 230000000 | OPERATIONS AND MAINTANANCE | RP-13 | 1048994.00 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | RP-15 | 2348362.00 |

| | | | |
|---|---|---|---|
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | RP-16 | 11951556.00 |
| 252000000 | DECENTRALISED PLAN PROGRAMME - INFRASTRUCTURE SECTOR | RP-17 | 608365.00 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | RP-18 | 1068103.00 |
| 254000000 | EXPENDITURE FOR TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES | RP-19 | 667281.00 |
| 255000000 | MAINTANANCE PROJECTS | RP-20 | 9243543.00 |
| 256000000 | OTHER REVENUE GRANTS AND FUNDS-REVENUE EXPENSES | RP-21 | 21800.00 |
| 260000000 | GRANTS CONTRIBUTIONS AND COMPENSATIONS FROM OWN FUND | RP-22 | 865.00 |
| 280000000 | PRIOR PERIOD ITEM | RP-26 | 94692.00 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 28300.00 |
| 350000000 | OTHER LIABILITIES | RP-36 | 9160556.00 |
| NON OPERATING | | | |
| 240000000 | INTREST AND FINANCE CHARGES | RP-14 | 3468.00 |
| 340000000 | DEPOSITS RECEIVED | RP-34 | 193621.00 |
| 350000000 | OTHER LIABILITIES | RP-36 | 1542752.00 |

| | | | |
|---|---|---|---|
| 410000000 | FIXED ASSETS | RP-38 | 2541898.00 |
| 412000000 | CAPITAL WORK IN PROGRESS | RP-40 | 358763.00 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 1693546.00 |
| | | | |
| CLOSING BALANCE | | | |
| | BANK<br>CASH | RP – 40(b)<br>RP – 40(b) | 7181972.82<br>166177.00 |
| GRAND TOTAL | | | 53130141.82 |

Deputy Director

അനുബന്ധം4

# ERAVOOR GRAMA PANCHAYATH BALANCE SHEET as on 31.03.2017

| CODE NO | DESCRIPTION OF ITEMS | SCHEDULE NO | AMOUNT |
|---|---|---|---|
| LIABILITIES | | | |
| RESERVES AND SURPLUS | | | |
| 310000000 | PANCHAYATH FUND | B-1 | (11755115.22) |
| 311000000 | EARMARKED FUND | B-2 | 12578.04 |
| 312000000 | RESERVES | B-3 | 57647716.00 |
| TOTAL RESERVES AND SURPLUS | | | 45905178.82 |
| GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | |
| 320000000 | GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | B-4 | 3357562.00 |

| | | | |
|---|---|---|---|
| TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | 3357562.00 |
| LOANS | | | |
| 330000000 | SECURED LOANS | B-5 | 0.00 |
| TOTAL LOANS | | | 0.00 |
| CURRENT LIABILITIES AND PROVISIONS | | | |
| 340000000 | DEPOSITS RECEIVED | B-7 | 433811.00 |
| 35000000 | OTHER LIABILITIES | B-9 | 1113152.00 |
| TOTAL CURRENT LIABILITIES AND PROVISIONS | | | 1546963.00 |
| TOTAL LIABILITIES | | | 50809703.82 |
| ASSETS | | | |
| FIXED ASSETS | | | |
| 410000000 | FIXED ASSETS | B-11 | 54433209.00 |

| | | | |
|---|---|---|---|
| 411000000 | ACCUMULATED DEPRECIATION | B-11 | (14214118.00) |
| 412000000 | CAPITAL WORK IN PROGRESS | B-11(a) | 358763.00 |
| TOTAL FIXED ASSETS | | | 40577854.00 |
| CURRENT ASSETS , LOANS AND ADVANCES | | | |
| 431000000 | SUNDRY DEBTORS ( RECEIVABLES) | B-15 | 2559050.00 |
| 440000000 | PREPAID EXPENSES | B-16 | 0.00 |
| 450000000 | CASH AND BANK BALANCES | B-17 | 7348149.82 |
| 460000000 | LOANS, ADVANCES AND DEPOSITS | B-18 | 324650.00 |
| TOTAL CURRENT ASSETS , LOANS AND ADVANCES | | | 10231849.82 |
| TOTAL ASSETS | | | 50809703.82 |

DEPUTY DIRECTOR